# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **18.07.2016 -ൽ മറുപടിക്ക്**

**ചോദ്യം നം.2274**

## മത്സ്യത്തൊഴിലാളികൾക്ക് കേന്ദ്ര സഹായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. പാറക്കൽ അബ്ദുള്ള** | | **ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിനും ക്ഷാമകാല സഹായത്തിനും തുക വർദ്ധിപ്പക്കാമെന്ന് കേന്ദ്രസർക്കാർ സംസ്ഥാനത്തിന് ഉറപ്പ് നൽകുകയുണ്ടായോ; വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിനും ക്ഷാമകാല സഹായത്തിനും നിലവിൽ കേന്ദ്രം അനുവദിച്ചു കൊണ്ടിരിക്കുന്ന തുക ഉയർത്തണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയും തുക വർദ്ധിപ്പിക്കാമെന്ന് ഉറപ്പ് ലഭിക്കുകയും ചെയ്തു. |
| (ബി) | നിലവിൽ ഈ രണ്ട് വിഭാഗത്തിലും എത്ര രൂപ വീതമാണ് കേന്ദ്രസർക്കാരിന്റെ സഹായം ലഭ്യമാകുന്നത്; | (ബി) | 50% കേന്ദ്രസർക്കാർ ധനസഹായത്തോടെ നടപ്പിലാക്കുന്ന ദേശീയ മത്സ്യത്തൊഴിലാളി ഭവനനിർമ്മാണ പദ്ധതിയ്ക്ക് കേന്ദ്രസർക്കാർ യൂണിറ്റ് കോസ്റ്റായി നിശ്ചയിച്ചിരിക്കുന്നത് 75,000/- രൂപയാണ്. ഇതിന്റെ 50% ആയ 37,500/- രൂപയാണ് കേന്ദ്രസർക്കാർ ധന സഹായം. സമ്പാദ്യ സമാശ്വാസ പദ്ധതിക്കായി 2015-16 ൽ 2700/- രൂപയാണ് നൽകി വരുന്നത്. ഇതിൽ 900 രൂപയാണ് കേന്ദ്രധനസഹായം. |
| (സി) | ഇത് എത്ര രൂപ വീതമാക്കി വർദ്ധിപ്പിക്കാമെന്നാണ് സമ്മതിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | (സി) | ഭവന നിർമ്മാണത്തിന് യൂണിറ്റ് കോസ്റ്റ് 1.2 ലക്ഷം രൂപയും കേന്ദ്രധന സഹായം യൂണിറ്റൊന്നിന് 60,000 രൂപയും, സമ്പാദ്യ സമാശ്വാസപദ്ധതിയുടെ സഹായം 900 രൂപയിൽ നിന്നും 1500/- രൂപയും ആക്കി ഉയർത്താമെന്നാണ് സമ്മതിച്ചിട്ടുള്ളത്. |
| (ഡി) | കേന്ദ്രസർക്കാരുമായുള്ള കൂടിക്കാഴ്ചയിൽ മത്സ്യമേഖലയുമായി ബന്ധപ്പെട്ട മറ്റെന്തെല്ലാം സഹായങ്ങളാണ് സംസ്ഥാനത്തിന് കേന്ദ്രം വാഗ്ദാനം ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ? | (ഡി) | മത്സ്യത്തൊഴിലാളി ഭവനനിർമ്മാണത്തിനുള്ള കേന്ദ്ര സഹായം 37,500/- രൂപയിൽ നിന്നും 60,000 രൂപയായും സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരമുള്ള കേന്ദ്രധനസഹായം 900/- രൂപയിൽനിന്നും 1500/- രൂപയായും പുതിയ കുളങ്ങളുടെ നിർമ്മാണത്തിന് ഹെക്ടറിന് 60,000/- രൂപയിൽനിന്നും 3.5 ലക്ഷം രൂപയായും കുളങ്ങളുടെ പുനരുദ്ധാരണത്തിന് ഹെക്ടറിന് 15000/- രൂപയിൽനിന്നും 1.75 ലക്ഷം രൂപയായും വർദ്ധിപ്പിക്കാമെന്നും കൂടാതെ എല്ലാ കേന്ദ്ര പദ്ധതികളിലും കേന്ദ്രസഹായം ഉയർത്തുന്നത് |

| | | | |
|---|---|---|---|
| | | | പരിശോധിക്കാമെന്നും ഉറപ്പ് ലഭിക്കുകയുണ്ടായി.<br>CRZ 111 വേലിയേറ്റ മേഖലയിൽ നിന്നും 200 മീറ്റർ വരെയുള്ള മേഖല വികസന രഹിത പ്രദേശമാണ് എന്നിരുന്നാലും 100 മീറ്റർ മുതൽ 200 മീറ്റർവരെയുള്ള പ്രദേശത്ത് മത്സ്യത്തൊഴിലാളി കൾക്ക് ഭവനനിർമ്മാണത്തിന് അനുമതിയുണ്ട്. കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ആയത് 50 മീറ്റർ മുതൽ 200 മീറ്റർ വരെ ആക്കുന്നത് പരിഗണിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. നിലവിലുള്ള ഫിഷറീസ് സ്റ്റേഷനുകൾക്ക് പുറമെ അഴീക്കോട്, പൊന്നാനി, തോട്ടപ്പള്ളി, കാസർഗോഡ് എന്നിവിടങ്ങളിൽ ഫിഷറീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കുന്നത് പരിശോധിക്കാമെന്നും ഉറപ്പ് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ